ഭരണഭാഷ–മാതൃഭാഷ

**ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്,**
തിരുവനന്തപുരം,
തീയതി : 26/06/2013

നമ്പർ.ഇ.ബി(2) 19382/2013/ഡിഇഎസ്

## പരിപത്രം

വിഷയം:- ഡി.ഇ.എസ് – ജീവനക്കാര്യം – റിസർച്ച് അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ / എക്സ്റ്റെൻഷൻ ഓഫീസർ(പി & എം) / സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / കമ്പ്യൂട്ടർ സൂപ്പർവൈസർ തസ്തികകളിലെ ജീവനക്കാർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ നല്കിയ ഇൻക്രിമെന്റ് തിരിച്ചു പിടിക്കുന്നത് – സംബന്ധിച്ച്.

പരാമർശം:- 03/05/2013 ന് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനം.

റിസർച്ച് അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ/ എക്സ്റ്റെൻഷൻ ഓഫീസർ (പി & എം) / സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് / കമ്പ്യൂട്ടർ സൂപ്പർവൈസർ തസ്തികയിൽ ഉദ്യോഗക്കയറ്റം നല്കി നിയമിക്കപ്പെടുന്നവർക്ക് ഉദ്യോഗക്കയറ്റം നല്കി നിയമിക്കപ്പെടുന്നവർക്ക് തുടർച്ചയായ രണ്ടു വർഷത്തിനുള്ളിൽ ഒരു വർഷത്തെ സേവനമാണ് പ്രൊബേഷൻ കാലയളവ്. ടി കാലയളവിൽ നിശ്ചിത ടെസ്റ്റും ഫീൽഡ് ഡ്യൂട്ടി യോഗ്യതയും ആർജ്ജിച്ചിരിക്കണമെന്ന് സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത യോഗ്യതകൾ നേടി പ്രൊബേഷൻ ഡിക്ലയർ ചെയ്തതിനു ശേഷം മാത്രമേ വാർഷിക ഇൻക്രിമെന്റ് നല്കാൻ വ്യവസ്ഥയുള്ളൂ. എന്നാൽ നിശ്ചിത ടെസ്റ്റ് / യോഗ്യത നേടാത്തവർക്കും വകുപ്പിൽ വാർഷിക ഇൻക്രിമെന്റ് അനുവദിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ചട്ടവിരുദ്ധമാണ്.

ആയതിനാൽ മേൽപ്പറഞ്ഞ രീതിയിൽ ക്രമവിരുദ്ധമായി നൽകിയിട്ടുള്ള വാർഷിക ഇൻക്രിമെന്റുകൾ റദ്ദാക്കി അധികമായി കൈപ്പറ്റിയിട്ടുള്ള തുക തിരിച്ച് പിടിക്കുവാൻ ബന്ധപ്പെട്ട നിയന്ത്രണാധികാരി നടപടിയെടുക്കേണ്ടതും ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടി വകുപ്പിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

മേലിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള അപേക്ഷ അയയ്ക്കുന്നതിനു മുമ്പ് ക്രമവിരുദ്ധമായി ഇൻക്രിമെന്റുകൾ അനുവദിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും ക്രമവിരുദ്ധമായി ഇൻക്രിമെന്റ് അനുവദിച്ചിട്ടുള്ള കേസുകളിൽ അവ റദ്ദാക്കി അധികമായി കൈപ്പറ്റിയ തുക തിരിച്ച് പിടിച്ച് ആ വിവരം കൂടി ഉൾപ്പെടുത്തി മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഡയറക്ടർ

പകർപ്പ്:-

1) എല്ലാ ജില്ലാ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (അതാത് ജില്ലകളിലെ ഇതര വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലെ ജീവനക്കാരുടെ വിവരങ്ങൾ കൂടി ലഭ്യമാക്കുന്നതിന്)
2) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) എല്ലാ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാർക്കും
4) ഡയറക്ടർ, DPI / അഗ്രിക്കൾച്ചർ / ആനിമൽ ഹസ്ബെന്ററി / ആരോഗ്യം
5) എല്ലാ ജില്ലാ TB സെന്റർ / മെഡിക്കൽ / കോർപ്പറേഷൻ / പ്രിൻസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസ്
6) ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

D 26/06